(ഡി) ഈ വർഷം ഇനിയും എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് ഇവിടെ നടത്താനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) റീ-ടെണ്ടർ ക്ഷണിക്കേണ്ട സാഹചര്യങ്ങളിൽ അതിന് സമയം ലഭിക്കാതെ വരുമ്പോൾ ബഡ്ജറ്റ് വിഹിതം സറണ്ടർ ചെയ്യേണ്ടി വന്നിട്ടുണ്ട്.

(സി) മഷിനറികൾ വാങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഷൊർണ്ണൂർ, മണ്ണന്തല, വാഴൂർ ഗവ. പ്രസ്സുകളിലേക്ക് ആധുനിക വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബൈ ബാക്ക് സ്കീം മുഖേന മണ്ണന്തല ഗവ. പ്രസ്സിലേക്ക് എച്ച്.എം.ടി. പ്രിന്റിംഗ് മെഷീനുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് നടപ്പുസാമ്പത്തിക വർഷത്തിൽ 4 കോടി 60 ലക്ഷം രൂപയും, കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്. വിവിധ ഗവൺമെന്റ് പ്രസ്സുകളിലേക്ക് 2010-11 പ്ലാൻ പ്രോപ്പോസൽ പ്രകാരം മെഷീൻ വാങ്ങുന്നതിന് 291 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വകുപ്പിന്റെ നവീകരണത്തിനായി ശ്രീമതി ഇന്ദിരാ ചന്ദ്രശേഖർ (തൂലിക ബുക്സ്, ന്യൂഡൽഹി) അദ്ധ്യക്ഷയായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ 3.20 കോടി രൂപ ചെലവിൽ ഒരു പുതിയ മന്ദിരം നിർമ്മിക്കുന്നതിന് 16-6-2010-ൽ ശിലാസ്ഥാപനം നിർവ്വഹിക്കുകയുണ്ടായി. കൊല്ലത്ത് സർക്കാർ പ്രസ്സ് കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഗവൺമെന്റ് പ്രസ്സ് ജീവനക്കാരുടെ ശമ്പള ബില്ലുകൾ 'സ്പാർക്ക്' മുഖേനയാക്കിക്കൊണ്ടിരിക്കുന്നു. ലെറ്റർ പ്രസ്സ് വിഭാഗത്തിലുള്ള കമ്പോസിറ്റർമാർക്ക് ഡി.റ്റി.പി. ട്രെയിനിംഗ് നൽകി വരുന്നു.

ഗവൺമെന്റ് പ്രസ്സുകളിലെ ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ

216 (6135) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളിലെ മെഷിനറിയും രാസവസ്തുക്കളും കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ ജോലി ചെയ്തുവരുന്നവർക്ക് എന്തൊക്കെ പരിരക്ഷകളാണ് നൽകി വരുന്നത് ;

(സി) ഇങ്ങനെയുള്ള ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) അച്ചടിമഷിയും ഈയം കലർന്ന ടൈപ്പ്മെറ്റലും കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് അതിന്റെ അലർജി അനുഭവപ്പെടാറുണ്ട്. ലെഡിൽ നിന്നുള്ള വിഷാംശം ഒരു പരിധിവരെ കുറയ്ക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ദിവസവും 200 എം.എൽ. പാൽ നൽകിവരുന്നു. എല്ലാ ഗവ. പ്രസ്സുകളിലും പ്രാഥമിക ശുശ്രൂഷയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ജോലിക്കിടയിൽ അവശത അനുഭവിക്കുന്ന ജീവനക്കാരെ ഡിപ്പാർട്ട്മെന്റ് തന്നെ ആശുപത്രിയിൽ എത്തിക്കാറുണ്ട്.

(സി) ജോലിക്കിടയിൽ അപകടം സംഭവിക്കുന്നവർക്ക് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിക്കാറുണ്ട്.

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗവൺമെന്റ് പ്രസ്സുകൾ ആരംഭിക്കുന്നതിന് നടപടി

217 (6136) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഗവൺമെന്റ് പ്രസ്സുകൾക്ക് പുറമേ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗവൺമെന്റ് പ്രസ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗവൺമെന്റ് പ്രസ്സുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുമൂലം ജോലികൾ സ്വകാര്യ പ്രസ്സുകൾക്ക് ഏൽപ്പിച്ചു നൽകാറുണ്ടോ ;

(സി) ഹോളോഗ്രാം സ്റ്റിക്കറുകൾ ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ പ്രസ്സുകൾ ഇല്ലാത്ത ജില്ലകളിൽ അച്ചടിവകുപ്പിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രസ്സുകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് പരിശോധിച്ചു വരികയാണ്.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly